**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmail.com

**അപ്പീൽ പരാതി നമ്പർ : P/084/2022**

**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: ഡിസംബർ 30, 2022**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. ഷംസുദീൻ. കെ.,<br>കൂലാത്ത് വീട്.<br>തിരൂരങ്ങാടി പി.ഒ.<br>മലപ്പുറം ജില്ല. 676306 |
| എതിർകക്ഷി | : | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ.ഇ.ബി. ലിമിറ്റഡ്, തിരൂരങ്ങാടി,<br>മലപ്പുറം ജില്ല. |

# ഉത്തരവ്

## പരാതിയുടെ ചുരുക്കം

പരാതിക്കാരനായ ശ്രീ. ഷംസുദീൻ. കെ., മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻെറ പരിധിയിലുള്ള ഒരു ഉപഭോക്താവാണ്. തിരൂരങ്ങാടിയിൽ "യാറ സൂപ്പർ മാർക്കറ്റ്" എന്ന സ്ഥാപനത്തിനുവേണ്ടിയാണ് കണക്ഷൻ എടുത്തിട്ടുള്ളത്. LT 7A എന്ന താരിഫിലുള്ള പ്രസ്തുത കണക്ഷൻെറ കൺസ്യൂമർ നമ്പർ 1165783031060 എന്നതും, കണക്ടഡ് ലോഡ് 87 kW-യും ആണ്. ഈ സ്ഥാപനം 2016 ജനുവരിയിലാണ് പ്രവർത്തനം ആരംഭിച്ചത്. ഇവിടെ ഘടിപ്പിച്ചിരുന്ന മീറ്ററിനോടനുബന്ധിച്ച് ഉപയോഗിച്ചിരിക്കുന്ന CT യുടെ 150/5 റേഷ്യോയിലുള്ള തായതിനാൽ MF 30 ആയിരിക്കേണ്ടതിനു പകരം ലൈസൻസി MF 20 ഉപയോഗിച്ചാണ് പവർ ചാർജ് ഈടാക്കിയിരുന്നത്. 29-01-2022-ൽ ലൈസൻസിയുടെ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ഈ തെറ്റ് മനസ്സിലാക്കുകയും സൈറ്റ് മഹസ്സർ തയ്യാറാക്കി ഉപഭോക്താവിൻെറ പ്രതിനിധിയുടെ കയ്യൊപ്പോടുകൂടി നൽകുകയും ചെയ്തു. അതുപ്രകാരം പവർചാർജ് അടവിൽ കുറവു വന്ന തുക Rs.40,19,051/- ആയി കണക്കാക്കുകയും അതിനുള്ള ബിൽ പരാതിക്കാരന് നൽകുകയും ചെയ്തു. അതിനെതിരെ അസിസ്റ്റൻറ് എൻജിനീയർക്ക് പരാതി നൽകിയെങ്കിലും പരിഹാരമുണ്ടായില്ല. എന്നുമാത്രമല്ല, പലിശ ഉൾപ്പടെ Rs.42,05,359/- അടയ്ക്കേണ്ടതാണെന്നും തീരുമാനമെടുത്തു. പരാതിക്കാരൻ CGRF(NR) ന് പരാതി നൽകുകയും, അതിൽ CGRF(NR) 29-09-2022ൽ ഉത്തരവ്

പുറപ്പെടുവിക്കുകയും ചെയ്തു. ആ ഉത്തരവിൽ ഈ തുക പലിശ രഹിതമായി ലൈസൻസിക്ക് ഈടാക്കാവുന്നതാണെന്നും പരാതിക്കാരൻെറ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗഡുക്കളായി അടവാക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കേണ്ടതാണെന്നും പറയുന്നു.

ഈ ഉത്തരവിൻെറ അപ്പീലാണ് പരാതിക്കാരൻ ഓംബുഡ്സ്മാന് സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരൻെറ വാദം

അസസ്മെൻറ് തുക പൂർണ്ണമായി അടക്കണം എന്ന CGRF(NR)ൻെറ വിധിക്കെതിരെയാണ് ഈ അപ്പീൽ പരാതി സമർപ്പിക്കുന്നത്. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായിട്ടാണ് പരാതിക്കാരന് ഷോർട്ട് അസസ്മെൻറ ബിൽ KSEB നൽകിയിട്ടുള്ളത്. മാത്രമല്ല, അതിനെ ശരിവച്ചുകൊണ്ടുള്ള വിധിയാണ് CGRF നൽകിയിട്ടുള്ളത്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 2(57) പ്രകാരം CTയും മീറ്ററിൻെറ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. റെഗുലേഷൻ 109(10) അനുസരിച്ച് പുതിയ മീറ്റർ സ്ഥാപിക്കുന്നതും മീറ്റർ മാറ്റുന്നതും അതിനുവേണ്ടുന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരും ചുമതലപ്പെടുത്തിയവരും മാത്രം ചെയ്യേണ്ടതാണ്. റെഗുലേഷൻ 109(12), 109(13) അനുസരിച്ച് കൺസ്യൂമറിൻെറ സാന്നിദ്ധ്യത്തിൽ മീറ്ററിൻെറ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലൈസൻസി തയ്യാറാക്കുകയും അതിൽ കൺസ്യൂമറോ കൺസ്യൂമറുടെ അധികാരപ്പെടുത്തിയ ആളോ ഒപ്പുവയ്ക്കേണ്ടതും അതിൻെറ ഒരു പകർപ്പ് കൺസ്യൂമർക്ക് സാക്ഷ്യപ്പെടുത്തി നൽകേണ്ടതുമാണ്. ഇതൊന്നും ലൈസൻസിയുടെ ഭാഗത്തുനിന്നും ചെയ്തിട്ടില്ല.

റെഗുലേഷൻ 113(6) അനുസരിച്ച് 3 ഫേസ് കണക്ഷൻ മൂന്നു വർഷത്തിലൊരിക്കൽ പരിശോധിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2019 ജനുവരി മാസത്തിനു മുൻപ് പരിശോധിക്കേണ്ട മീറ്റർ 2022 ജനുവരി മാസമാണ് പരിശോധിച്ചത്. CT റേഷ്യോ 2016 ജനുവരി മുതൽ മാറിയിട്ടുണ്ട് എന്ന നിഗമനത്തിലാണ് ഭീമമായ തുക പരാതിക്കാരനോട് അരിയറായി അടക്കണം എന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഇത് പൂർണ്ണമായും തെറ്റാണ് എന്ന് പരാതിക്കാരൻ ബോധിപ്പിക്കുന്നു.

15-09-2022-ൽ CGRF മുൻപാകെ നടത്തപ്പെട്ട ഹിയറിംഗ് സമയത്ത് KSEB അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച രേഖകൾ പരിശോധിച്ചാൽ, എതിർകക്ഷി അതുവരെ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും അസത്യങ്ങൾ ആയിരുന്നുവെന്നു മനസ്സിലാക്കുവാൻ സാധിക്കും.

ഡസ്പാച്ച് രജിസ്റ്ററിൽ ഗുരുതരമായ കൃത്രിമം കാണിച്ചു എന്ന് 20-01-2016ൽ 87 നംപർ പ്രകാരം ഡസ്പാച്ച് ചെയ്ത കത്തിനു ശേഷമാണ് 3-2-2016ൽ ഡെസ്പാച്ച് ചെയ്ത കത്ത് 88 നംപർ ആയി ഉൾപ്പെടുത്തിയിട്ടുള്ളത് എന്നു മനസ്സിലാക്കാം. യഥാർത്ഥത്തിൽ 3-2-2016ൽ ഡെസ്പാച്ച് ചെയ്ത കത്ത് 3-1-2016ൽ ഡെസ്പാച്ച് ചെയ്തു എന്നു വ്യാജമായി രേഖയുണ്ടാക്കിയതാണ് എന്നു വ്യക്തമാണ്. ഉത്തരവാദപ്പെട്ട വ്യക്തികൾ ഇത്തരം തെറ്റായ പ്രവർത്തികൾ ചെയ്യുന്നത് നീതീകരിക്കാനാവില്ല. മാത്രമല്ല IPC 196 പ്രകാരം തെറ്റു ചെയ്തിട്ടുള്ള വ്യക്തികൾക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. TMR, ഷൊർണൂരിൽ 4-2-2016നാണ് CT പരിശോധന്നിച്ചിട്ടുള്ളത് എന്ന് വ്യക്തമാകും.

28-01-2016ൽ മീറ്റർ റീഡിംഗ് 1 എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. 28-1-2016ൽ ആണ് സ്ഥാപനത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചത്. 9.2.2016ൽ റീഡിംഗ് 122 എന്നും കാണാൻ സാധിക്കും. OMF 20 എന്ന രീതിയിൽ 2420 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ട്. അതാണ് ഷോർട്ട് അസസ്മെൻറ് എന്ന വ്യാജേന OMF 30 ആക്കി കൂടുതൽ തുക ഈടാക്കാൻ ശ്രമിച്ചിരിക്കുന്നത്. എന്നാൽ സൈറ്റ് മഹസ്സറിൽ കാണുന്ന 150/5A റേഷ്യോ ഉള്ള CTകൾ 15/287, 15/281, 15/283, 15/282 എന്നിവ അന്ന് ഫിറ്റ് ചെയ്തിട്ടുണ്ടായിരുന്നില്ല. കാരണം അവ ടെസ്ട് ചെയ്തത് 4-2-16ന് ഷൊർണ്ണൂരിൽ വെച്ചാണ്. 28-12-2016ൽ പരാതിക്കാരൻെറ പ്രിമൈസസ്സിൽ ഫിറ്റ് ചെയ്തത് പ്രസ്തുത CTകൾ അല്ല എന്ന് വ്യക്തമാണ്. എന്നാൽ 4-2-2016ന് TMRൽ ടെസ്റ്റ് ചെയ്ത CTകൾ ആണ് 28-1-2016ൽ കണക്ഷൻ നൽകുമ്പോൾ ഫിറ്റ് ചെയ്തത് എന്നു വരുത്തി തീർക്കുവാൻ വേണ്ടി മന:പൂർവ്വമായാണ് KSEB ഉദ്യോഗസ്ഥർ രേഖകളിൽ കൃത്രിമം കാണിച്ചത്. 28-1-2016ൽ ഫിറ്റ് ചെയ്ത CTകൾ റേഷ്യോ 100/5 ഉള്ളതാണ്. അതിനാലാണ് OMF 20 രേഖപ്പെടുത്തിയത്. 28-1-2016ന് ഫിറ്റുചെയ്ത CTകൾ മാറ്റുന്നത് 29-1-2022നാണ്. കാരണം 28-1-2016 മുതൽ 29-1-2022 വരെ CT ചേമ്പറിൻെറ സീൽ പൊട്ടിക്കുകയോ പുതിയ CTകൾ അവിടെ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.. അതായത് 3-2-2016ൽ ടെസ്റ്റ് ചെയ്ത CTകൾ KSEB ജീവനക്കാരുടെ അനാസ്ഥ കാരണം അവരുടെ ഓഫീസിൽതന്നെ സൂക്ഷിച്ചശേഷം 29-1-2022ൽ പരാതിക്കാരൻെറ പ്രിമൈസസ്സിൽ ഫിറ്റു ചെയ്തു. അതിനുശേഷമാണ് സൈറ്റ് മഹസ്സർ തയ്യാറാക്കിയത് എന്നു വ്യക്തമാണ്. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ വർക്കർമാരെ കൂട്ടി പരിശോധനക്ക് വന്നത് CT മാറ്റുന്നതിനുവേണ്ടിയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

എതൃകക്ഷിയുടെ ഭാഗത്ത് ഗുരുതരമായ കൃത്യവിലോപം വന്നിട്ടുണ്ട് എന്ന് കണ്ടെത്തയെങ്കിലും അവർ നടത്തിയ അസസ്സ്മെൻറ് ശരിവക്കുകയാണ് CGRF ചെയ്തിട്ടുള്ളത്. രണ്ട് പ്രൊസീഡിംഗ്സുകളാണ് CGRF നടത്തിയിട്ടുള്ളത്. ആദ്യത്തേത് 31-8-2022ന് തിരൂർ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിലും രണ്ടാമത്തേത് 15-9-2022ൽ CGRF കോടതി ഹാളിലും നടത്തപ്പെട്ടു. ഈ രണ്ടു പ്രൊസീഡിംഗ്സുകളിലും CGRF ചെയർമാനെ കൂടാതെ മെമ്പർ Adv. റോബിൻ പീറ്റർ പങ്കെടുത്തിരുന്നു. മറ്റൊരു മെമ്പർ ശ്രീമതി ലേഖാറാണി രണ്ട് പ്രൊസീഡിംഗ്സുകളിലും പങ്കെടുത്തിട്ടില്ല. പങ്കെടുത്ത Adv. റോബിൻ പീറ്റർ ഉത്തരവിൽ ഒപ്പുവെച്ചിട്ടില്ല. എന്നാൽ പങ്കെടുക്കാത്ത ശ്രീമതി ലേഖാറാണി ഉത്തരവിൽ ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്. ഈ കാരണംകൊണ്ട് CGRFൻെറ പ്രസ്തുത വിധി നിലനിൽക്കുന്നതല്ല.

പ്രൊസീഡിംഗ്സുകളിൽ പങ്കെടുത്ത Adv. മെമ്പറെ ഒഴിവാക്കി അവിടെ ഹാജരാകാതിരുന്ന ലൈസൻസിയുടെ നോമിനിയെക്കൊണ്ട് കൺസ്യൂമർക്കെതിരായി ഓർഡർ ഇടുന്ന ഒരു അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ലൈസൻസിയുടെ ഭാഗത്ത് ഗുരുതരമായ കൃത്യവിലോപം കണ്ടെത്തിയശേഷം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ 15-9-2022ന് സമർപ്പിച്ച രേഖയിൽനിന്നും അവരുടെ അസസ്സ്മെൻറ് തെറ്റാണെന്ന് മനസ്സിലാക്കാൻ സാധിക്കുമായിരുന്നിട്ടും അസസ്സ്മെൻറ ശരിയാണെന്ന് ഓർഡർ ഇടുകയായിരുന്നു.

CGRF കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 134(1) പ്രകാരം 6 വർഷത്തേക്ക് ഷോർട്ട് അസസ്സ്മെൻറ് കണക്കാക്കാനുള്ള അനുവാദമാണ് നൽകിയിരിക്കുന്നത്.

എന്നാൽ സൈറ്റ് മഹസ്സറിൽ കാണിച്ചതുപോലെ MF തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, റെഗുലേഷൻ 152ൽ പറയുന്നതനുസരിച്ചുള്ള ഉത്തരവുപോലും പുറപ്പെടുവിക്കാൻ തയ്യാറായില്ല. എന്നു മുതലാണ് തെറ്റു സംഭവിച്ചത് എന്ന് കൃത്യമായി അറിയില്ലെങ്കിൽ 12 മാസത്തേക്ക് മാത്രമേ അസസ് ചെയ്യാവൂ എന്ന് റെഗുലേഷൻ 152(3)ൽ വ്യക്തമാക്കിയിട്ടുണ്ട്. MF മാറിയത് എന്നു മുതലാണ് എന്ന് അറിയാമെങ്കിൽ 24 മാസം മാത്രമേ അസസ് ചെയ്യാവൂ എന്ന് റെഗുലേഷൻ 152(3)ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് CGRF പരിഗണിച്ചില്ല.

2/22, 3/22, 4/22, 5/22 എന്നീ മാസങ്ങളിൽ പരാതിക്കാരന്റെ വൈദ്യുതി ഉപയോഗം കൂടി എന്നത് യാഥാർത്ഥ്യം തന്നെയാണ്. അത് MFൽ വന്ന വ്യത്യാസംകൊണ്ടല്ല. കോവിഡ് പ്രതിസന്ധി മാറി വന്നപ്പോൾ ബിസിനസ്സ് വർദ്ധിക്കുകയും കട അടക്കുന്ന സമയത്തിനു വിത്യാസവും കസ്റ്റമേഴ്സിന്റെ എണ്ണവും കൂടിവന്നു. കൂടാതെ കാലാവസ്ഥ വൈദ്യതി ഉപയോഗത്തിന്റെ അളവ് നിർണ്ണയിക്കുന്നുണ്ട്. വൈദ്യുതി ഉപയോഗം പ്രധാനമായും AC പ്രവർത്തിക്കുന്നതു മൂലമാണ്. മഴക്കാലത്ത് വൈദ്യുതി ഉപയോഗം കുറയുകയും ചെയ്തിട്ടുണ്ട്.

അപേക്ഷ:

1) 29-09-2022ലെ CGRF ന്റെ ഓർഡർ റദ്ദുചെയ്തുകൊണ്ടുള്ള വിധി പുറപ്പെടുവിക്കുക.
2) 09-02-2022ലെ അസിസ്റ്റന്റ് എൻജിനീയർ നൽകിയ Rs.40,19,051/- അസസ്മെന്റ് ബില്ല് റദ്ദു ചെയ്തുകൊണ്ടുള്ള വിധി പുറപ്പെടുവിക്കുക.
3) 28-01-2016 മുതൽ 150/5 റേഷ്യോയിലുള്ള CT ആണ് ഉപയോഗിച്ചു വരുന്നത് എന്നു തെളിയിക്കുന്നതിനുവേണ്ടി വ്യാജ രേഖകൾ ചമക്കുകയും ഡസ്പാച്ച് രജിസ്റ്ററിൽ വരെ കൃത്രിമം കാണിക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ IPC-196 പ്രകരമുള്ള നിയമനടപടികൾ സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുക.

## എതിർകക്ഷിയുടെ വിശദീകരണം

എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, പരാതിക്കാരന്റെ പ്രിമിസസിൽ ഉള്ള CT മീറ്റർ റേഷ്യോ 150/5A (OMF-30) ആണെന്നിരിക്കെ, തെറ്റായി 100/5 A (OMF-20) ആയാണ് സർവ്വീസ് കണക്ഷൻ താരിഫ് മാറ്റി ലോഡ് വർദ്ധനവ് അനുവദിച്ച് CT Meter/CT മാറ്റിവച്ച് ബിൽ ചെയ്തു തുടങ്ങിയ 02/2016 മുതൽ നാളിതുവരെ നൽകി വരുന്നത് എന്ന് കാണുകയും, ഇക്കാര്യം ഉപഭോക്താവിനെ അറിയിച്ച് പരിശോധനയ്ക്ക് ശേഷം ശരിയായ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ ഉൾപ്പെടുത്തി 01/2022 മുതൽ ബിൽ നൽകി തുടങ്ങുകയും ചെയ്തു.

ബിൽ നൽകിയതിലുണ്ടായ വ്യത്യാസം കണക്കാക്കി, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ന്റെ വകുപ്പ് 134(1) പ്രകാരം അസസ്മെന്റ് ബിൽ 02/2016 മുതൽ 01/2022 വരെ കണക്കാക്കുകയും, അതുവരെ അടച്ച തുക വകയിരുത്തി, ഷോർട് അസസ്മെന്റ് ബില്ലായി നൽകി. ഇക്കാര്യങ്ങൾ വിശദമായി അറിയിച്ചുകൊണ്ടും ബില്ല് അടയ്ക്കുന്നതിന് പലിശ കൂടാതെ 30 ദിവസം അനുവദിച്ചുകൊണ്ടും നോട്ടീസ് ബിൽ സഹിതം ഉപഭോക്താവിന് നൽകിയിട്ടുള്ളതാണ്. ലൈസൻസി നൽകിയ വൈദ്യുതി, ഉപഭോക്താവ് പൂർണ്ണമായും ഉപയോഗിച്ചിട്ടുള്ളതാണ്. ഉപഭോക്താവിന്റെ സ്ഥാപനത്തിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി ഉപകരണങ്ങൾ, അതിന്റെ റേറ്റിംഗ്,

ശരാശരി ഉപഭോഗം എന്നിവയെക്കുറിച്ച് വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്ക് വ്യക്തമായ ധാരയുള്ളതാണ്. മാത്രമല്ല standard operating procedure അനുസരിച്ച് വ്യാവസായിക-വാണിജ്യ ഉപഭോക്താക്കൾ ദൈനംദിനം ഉപഭോഗം log bookൽ രേഖപ്പെടുത്താറുണ്ട്.

പരാതിക്കാരൻ കൺസ്യൂമർ നമ്പർ 1165783031060 എന്ന കണക്ഷൻ 30-10-2013ൽ നിർമ്മാണ ആവശ്യത്തിനായി 6F താരിഫിൽ 9476 വാട്സ് കണക്ടഡ് ലോഡോഡുകൂടി അനുവദിക്കപ്പെട്ടിട്ടുള്ളതാണ്.

28-01-2016ൽ നിർമ്മാണം പൂർത്തിയാക്കിയ ശേഷം 7A താരിഫിൽ 87000 വാട്ട് (87kW) കണക്ടഡ് ലോഡോഡുകൂടി പ്രസ്തുത സർവ്വീസ് കണക്ഷൻ മാറ്റിയിട്ടുള്ളതാണ്. കണക്ടഡ് ലോഡിൻെറ വർദ്ധനവ് മൂലം നിലവിലെ മീറ്ററും CTയും മാറ്റിയിട്ടുള്ളതായി രേഖകളിൽനിന്നും വ്യക്തമാകുന്നു. രേഖകൾ പ്രകാരം 09-02-2016ലെ ബിൽ തീയ്യതി മുതലാണ് CT യുടെ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ 20 MF എന്ന് മാറ്റിയിട്ടുള്ളത്.

പ്രസ്തുത സ്ഥാപനം “Yara Mill” എന്ന സൂപ്പർമാർക്കറ്റ് ആയാണ് പ്രവർത്തിച്ചു വരുന്നത്. 29-01-2022ന് നടന്ന പരിശോധനയിൽ പ്രസ്തുത പ്രിമസസിലെ CT മീറ്റർ 150/5 (30:1) അനുപാതമുള്ള മീറ്ററാണെന്ന് കണ്ടെത്തിയത് ശരിയാണ്. അതായത്, കറണ്ട് ട്രാൻസ്ഫോർമറിൻെറ പ്രൈമറിയിൽ വരുന്ന കറണ്ടിൻെറ മുപ്പതിൽ ഒന്ന് മാത്രമേ സെക്കണ്ടറി സൈഡിൽ (meter end) രേഖപ്പെടുത്തുകയുള്ളൂ.

CGRF (North) വിശദമായ വാദങ്ങൾക്ക് ശേഷം, നൽകിയ ഉത്തരവ്, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 134(1) പ്രകാരം പ്രസ്തുത ഷോർട്ട് അസസ്മെൻറ് തുക പലിശ ഉൾപ്പെടാതെ ഈടാക്കാനും പ്രസ്തുത തുക ഗഡുക്കളായി അടയ്ക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കാനുമാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായാണ് ബിൽ നൽകിയത് എന്ന പരാതിക്കാരൻെറ വാദം നിലനിൽക്കുന്നതല്ല.

പരാതിക്കാരന് സർവ്വീസ് കണക്ഷൻ ആദ്യം നൽകിയത് 30-10-2013ൽ നിർമ്മാണാവശ്യത്തിനായി 6F താരിഫിലാണ്. 28-01-2016ൽ 7A താരിഫിൽ പുതിയ സ്ഥാപനത്തിലേക്ക് ഉയർന്ന കണക്ടഡ് ലോഡോഡുകൂടി (87kW) താരിഫ് മാറ്റിയപ്പോൾ മീറ്ററും CTയും മാറ്റിയിട്ടുണ്ട്. അതുപ്രകാരം കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 109(12,13) എന്നിവ അനുസരിച്ചു തന്നെയാണ് ഇക്കാര്യങ്ങൾ നടന്നിട്ടുള്ളത്. ഇക്കാര്യങ്ങൾ പരാതിക്കാരൻെറ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടതും 2013, 2016 കാലഘട്ടങ്ങളിൽ നടന്നതുമാണ്. നാളിതുവരെ ഇക്കാര്യം സംബന്ധിച്ച് പരാതിക്കാരൻെറ ഭാഗത്തുനിന്നും പരാതി ഇല്ലാത്തതുമാണ്. വൈദ്യുതി കണക്ഷൻ കൊടുക്കുന്ന സമയത്തും മീറ്റർ മാറ്റുന്ന സമയത്തും ഇക്കാര്യങ്ങൾ ഉപഭോക്താവിനെ ബോധ്യപ്പെടുത്തുന്നതും ഇതനുസരിച്ച് തുടർ ബില്ലുകൾ ചെയ്തു വരുന്നതുമാണ്.

പരാതിക്കാരൻെറ പ്രിമസസിൽ നടന്ന പരിശോധന ബന്ധപ്പെട്ട കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 134(6) പ്രകാരം തന്നെയാണ് ഉണ്ടായിട്ടുള്ളത്. ഇപ്പോഴത്തെ അപാകത കണ്ടെത്തിയതും തുടർന്ന് ഷോർട്ട് അസസ്മെൻറ് ബില്ല് നൽകിയതും. എന്നാൽ തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധി വിസ്തീർണ്ണക്കൂടുതലുള്ളതും ഉപഭോക്താക്കളുടെ എണ്ണക്കൂടുതലും പരിശോധനയിലെ കാലതാമസത്തിന് കാരണമായിട്ടുണ്ട് എന്നതും, 2019നും 2022നും ഇടയിലുണ്ടായ

പ്രളയവും കോവിഡ് സാഹചര്യവും ലോക്ഡൗണും പ്രത്യേക സാഹചര്യമായി കാണണമെന്നും എതൃകക്ഷി ബോധിപ്പിക്കുന്നു. 2016ൽ 87000W (87KW) കണക്ടഡ് ലോഡിലേക്ക് ഉയർത്തി 7A താരിഫിലേക്ക് പുന:സ്ഥാപിച്ചപ്പേൾ CT മീറ്ററും CTയും പ്രസ്തുത പ്രിമസസിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങനെ സ്ഥാപിച്ച CTയിലെ റേഷ്യോ തെറ്റായി ബില്ല് ചെയ്യപ്പെട്ടത് തിരുത്തി നൽകിയ ഷോർട്ട് അസസ്മെൻറ് തുകയാണ് പരാതിക്കാരന് നൽകിയിട്ടുള്ളത്.

CT ടെസ്റ്റ് ചെയ്യുന്നതിനായി ഡെസ്പാച്ച് ചെയ്ത കത്തിൽ പരാതിക്കാരൻ പറയുന്ന തെറ്റുകൾ വന്നിട്ടുള്ളത് ശരിയാണ്. എന്നാൽ പരാതിക്കാരൻ ഇതിനാവശ്യമായ ടെസ്റ്റിംഗ് ഫീസും ആപ്ലിക്കേഷൻ ഫീസും അടച്ചതും പ്രിൻറഡ് ഡസ്പാച്ച് തീയതിയും ഒന്നു തന്നെയാണെന്നതിനാൽ ഇക്കാര്യത്തിൽ മാനുഷികമായ എഴുത്ത് പിഴവ് എന്നതിൽ കവിഞ്ഞ് പരാതിക്കാരൻെറ മറ്റു വാദങ്ങൾക്ക് പ്രസക്തിയില്ല.

പരാതിക്കാരൻ പ്രതിപാദിച്ചിരിക്കുന്ന 01/2016ലെ ഡസ്പാച്ച് രജിസ്റ്ററും TMR ഷൊർണ്ണൂരിലേക്ക് മീറ്റർ ടെസ്റ്റ് ചെയ്യുന്നതിനായി അയച്ച കത്തും CGRF മുൻപാകെ 15-09-2022ൽ എതൃകക്ഷി സ്വയം ഹാജരാക്കിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഡെസ്പാച്ച് രജിസ്റ്ററിലെ തെറ്റും TMRലേക്ക് അയച്ച കത്തിലെ തീയ്യതി സംബന്ധിച്ചും CGRF മുൻപാകെ ബേധിപ്പിച്ചിട്ടുള്ളതാണ്.

28-01-2016ന് കണക്ഷൻ നൽകി എന്നു പരാതിക്കാരൻ പറയുന്നത് വസ്തുതാ വിരുദ്ധവും തെിദ്ധരിപ്പിക്കുന്നതുമാണ്. പരാതിക്കാരൻ 6F താരിഫിൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത് 30-10-2013ൽ ആണ്. പിന്നീട് നിർമ്മാണം പൂർത്തിയാക്കിയശേഷം താരിഫ് മാറ്റിയപ്പോൾ അതേ കണക്ഷൻ തന്നെ 87 kW ഉയർന്ന കണക്ടഡ് ലോഡിൽ പുതിയ CT മീറ്റർ/ CT മാറ്റി വെച്ചിട്ടുള്ള തീയ്യതിയായ 28-01-2016 ആണ് കമ്പ്യൂട്ടറിൽ ടേഖപ്പെടുത്തപ്പെട്ട തീയതിയും. രേഖകൾ പ്രകാരം നിലവിൽ പ്രിമസസിൽ കാണുന്ന CT, 04-02-2016ന് TMR ഷൊർണ്ണൂരിൽ നിന്നും ടെസ്റ്റ് ചെയ്ത് ലഭിച്ചതാകയാൽ യഥാർഥത്തിൽ CT മാറ്റിയിരിക്കുന്നത് 04-02-2016ന് ആണ് എന്നു കാണാം. പലപ്പോഴും കമ്പ്യൂട്ടറിൽ മീറ്റർ ചെയ്ഞ്ച് രേഖപ്പെടുത്തിയാലും ചില പ്രായോഗിക ബുദ്ധിമുട്ടുകൾകൊണ്ട് ചില ദിവസങ്ങൾ വൈകിയാവും ഫീൽഡിൽ മാറ്റം വരുന്നത്. മാത്രവുമല്ല, ഇത്രയും ഉയർന്ന കണക്ടഡ് ലോഡിന് ആനുപാതികമായ CT, ടെസ്റ്റ് ചെയ്ത് ലഭിക്കാൻ എടുക്കുന്ന സമയ വ്യത്യാസവും, ദിവസങ്ങൾ തമ്മിൽ വ്യത്യാസം ഉണ്ടാവാം. എന്നാൽ ഇതുകൊണ്ട് ബില്ലിംഗിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. 09-02-2016ന് ശേഷമാണ് CT മാറ്റി ആദ്യ ബിൽ ചെയ്തിട്ടുള്ളത്.

ഇക്കാര്യത്തിൽ പ്രിമിസസിൽ 28-01-2016ൽ ഫിറ്റ് ചെയ്ത CT 100/5 (OMF 20) രേഖപ്പെടുത്തിയതാണ് എന്ന വാദം തികച്ചും വാസ്തവ വിരുദ്ധമാണ്. ഡസ്പാച്ച് രജിസ്റ്ററിലോ, TMR ലേയ്ക്കയച്ച കത്തിലോ തീയ്യതിയിൽ വന്ന തെറ്റ് ഒഴിച്ചാൽ, ഫീസ് അടച്ച തീയ്യതി ടെസ്റ്റ് CT സംബന്ധിച്ച സീരിയൽ നമ്പർ, റേഷ്യോ എന്നിവ നിലവിൽ പ്രമിസസിൽ സ്ഥിതി ചെയ്യുന്ന അതേ CT തന്നെ ആണ് എന്നത് പരിശോധന സമയത്ത് പരാതിക്കാരൻെറ സാന്നിദ്ധ്യത്തിൽ ബോദ്ധ്യപ്പെടുത്തിയതും സൈറ്റ് മഹസ്സറിൽ ഒപ്പിട്ടു വാങ്ങിയതും ആണ്. 2016ൽ CT സ്ഥാപിച്ച ശേഷം പരാതിക്കാരൻ പറയും പ്രകാരം നാളിതുവരെ മാറ്റിയിട്ടില്ല എന്നത് ശരി തന്നെയാണ്. പരിശോധനാ സമയത്ത് പരാതിക്കാരൻെറ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ തന്നെയാണ് CTയുടെ

സീൽ പൊട്ടിച്ച് CT സംബന്ധിച്ച രേഖ പരിശോധിച്ച് വീണ്ടും സീൽ ചെയ്തത്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 വകുപ്പ് 109(15) പ്രകാരം തന്നെയാണ് ഇക്കാര്യങ്ങൾ നടത്തപ്പെട്ടിട്ടുള്ളത്.

CT മാറ്റിയതുമായി ബന്ധപ്പെട്ട് പരാതിക്കാരൻ ഉന്നയിക്കുന്ന ആരോപണം പൂർണ്ണമായും നിഷേധിക്കുന്നു. പരാതിക്കാരൻെറ പ്രിമിസസിൽ 28-01-2016ന് ശേഷം നാളിതുവരെ CT മാറ്റിയിട്ടില്ല. 29-01-2022ന് പരിശോധന നടത്തിയത് ഇക്കാര്യത്തിൽ ചുമതലപ്പെട്ട അസിസ്റ്റൻറ് എക്സികൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ്. ഇത് തികച്ചും പിരിയോഡിക്കൽ പരിശോധനയുടെ ഭാഗമായി നടന്നതും ഉപഭോക്താവിനെ അറിയിച്ച്, ഉപഭോക്താവിൻെറ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടതുമാണ്. ഇക്കാര്യത്തിൽ നാളിതുവരെ പരാതിപ്പെടാത്തതുമാണ്.

സെക്ഷനോഫീസിലെ ജീവനക്കാരുടെ ശ്രദ്ധക്കുറവ് സംബന്ധിച്ച് CGRFൻെറ നിർദ്ദേശം തെറ്റായി MF രേഖപ്പെടുത്തി ബിൽ ചെയ്തതിൽ, യഥാസമയം ബിൽ നൽകാതെ വന്നതിൽ വന്ന സാമ്പത്തിക നഷ്ടം സംബന്ധിച്ച് തെറ്റു വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുക്കണം എന്നതാണ്.

ഇക്കാര്യത്തിൽ തെറ്റു കണ്ടെത്തിയ കാലത്തുതന്നെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുള്ളത് CGRF മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതും ഇക്കാര്യത്തിൽ കർശനമായ നടപടികൾ എടുത്തു വരുന്നതുമാണെന്ന് ഓംബുഡ്സ്മാനെ അറിയിക്കുന്നു. എന്നാൽ തെറ്റായി ബിൽ ചെയ്യപ്പെട്ടതു മൂലം, ശരിയായി ഉപയോഗിച്ച വൈദ്യുതിയുടെ തുക അടയ്ക്കുന്ന ബാദ്ധ്യതയിൽനിന്നും പരാതിക്കാരനെ ഒഴിവാക്കുന്നതിന് കാരണമായി ഇത് ഉന്നയിക്കുന്നത് ശരിയല്ല എന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 7235 of 2009 M/s. Prem Cotton Vs Uttar Haryana Bijili Vitran Nigam Ltd. & others എന്ന കേസിലെ വിധിയിലെ Para 11, 12 പ്രകാരം അറിയിക്കുന്നു.

"The Hon'ble Supreme Court held that Section 56(2) does not preclude the Licensee from rising an additional or supplementary demand after the 4expiry of limitation in the case of a mistake or bona fide error".

ഇക്കാര്യത്തിൽ ബോധപൂർവ്വമല്ലാത്ത പിഴവ് മൂലം സംഭവിച്ച തെറ്റ്, പരിശോധനയിൽ ബോദ്ധ്യപ്പെട്ടശേഷം നൽകിയ ഷോർട്ട് അസസ്മെൻറ് ബിൽ ആയതിനാൽ, ഉപയോഗിച്ച വൈദ്യുതിയുടെ ചാർജ് അടയ്ക്കുന്നതിൽനിന്നും ഉപഭോക്താവിന് ഒഴിവാകാൻ കഴിയില്ല എന്ന് ബോദ്ധ്യമായതിനാലാണ് പരാതിക്കാരൻ മറ്റു കാരണങ്ങൾ ഉന്നയിച്ചിട്ടുള്ളത്. ഉപയോഗിച്ച വൈദ്യുതിയുടെ വില ഉപഭോക്താവ് നൽകേണ്ടതാണ്. ഓരോ മാസവും എടുക്കുന്ന initial reading / final reading മീറ്ററിൽ കാണുന്നതാണ്. അതിൻെറ വ്യത്യാസം അനുസരിച്ചിട്ടുള്ള അളവ് തിട്ടപ്പെടുത്തിയതിലുള്ള പിഴവാണ് സംഭവിച്ചിട്ടുള്ളത്. അല്ലാതെ റീഡിംഗിൽ പിഴവ് സംഭവിച്ചിട്ടില്ല.

തെറ്റായി CT മീറ്റർ റേഷ്യോ 150/5 (MF-30) എന്നായി ബില്ല് ചെയ്യേണ്ടിയിരുന്നത് 100/5 (MF-20) ആയി ബില്ല് ചെയ്യപ്പെട്ടതുകൊണ്ട് യഥാ സമയം ബില്ല് കണക്കാക്കി നൽകാതെ വന്നതിൽ വന്ന വീഴ്ചയ്ക്ക് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാമർശം, ഉപയോഗിച്ച വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാകുന്നതിനായി പരാതിക്കാരൻ ഉന്നയിച്ചിട്ടുള്ളതാണ്. പരാതിക്കാരൻ പറയും പ്രകാരം 31-08-2022നും 15-09-2022നും രണ്ട് ഹിയറിംഗുകൾ CGRF മുൻപാകെ നടന്നതും വിശദമായ സ്റ്റേറ്റ്മെൻറ് ഓഫ് ഫാക്ട്, കൗണ്ടർ

എന്നീ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആദ്യ ഹിയറിംഗിൽ എതിർകക്ഷികൾ സമർപ്പിച്ചിട്ടുള്ള സ്റ്റേറ്റ്മെൻറും രണ്ടാമത്തെ ഹിയറിംഗിൽ എതിർകക്ഷി സമർപ്പിച്ച അഡീഷണൽ സ്റ്റേറ്റ്മെൻറും ഡ്യൂപ്ലിക്കേറ്റ് കോപ്പികൾ, ഉള്ളടക്ക രേഖകൾ സഹിതം പരാതിക്കാരന് നൽകിയിട്ടുള്ളതും കൗണ്ടർ സമർപ്പിക്കാൻ വേണ്ടത്ര സമയവും ഉണ്ടായിട്ടുള്ള തുമാണ്.

ഉത്തരവിൽ ഒപ്പിട്ട CGRF മെമ്പർമാരെ സംബന്ധിച്ച പരാതി തികച്ചും തെറ്റിദ്ധാരണാജനകമാണ്. ഉത്തരവ് ടൈപ്പ് ചെയ്തതുമായി ബന്ധപ്പെട്ടും, നിലവിലെ മെമ്പർമാരുടെ ട്രാൻസ്ഫർ സംബന്ധിച്ചും ആധികാരികമായി പറയേണ്ടത് CGRFഉം ഇതു സംബന്ധിച്ച് സംഭവിക്കാവുന്ന തെറ്റ് തിരുത്തി ഉത്തരവിറക്കുന്നതും സ്വാഭാവിക നടപടിക്രമവും പരാതിക്കാരനേയും ബന്ധപ്പെട്ട കക്ഷികളേയും അറിയിച്ച ശേഷം നടക്കുന്നതുമാണ്. ഇക്കാര്യത്തിൽ CGRFൻെറ ഉത്തരവിൽ ഒപ്പിട്ടിരിക്കുന്നത് മെമ്പർ Adv. റോബിൻ പീറ്റർ, ചെയർപേഴ്സൻ ശ്രീ കെ.എസ്. അനിൽകുമാർ എന്നിവരാണ്. ഇത് സംബന്ധിച്ച് ആദ്യം സംഭവിച്ച പിഴവ് തിരുത്തിയ ഉത്തരവ് പരാതിക്കാരനും എതിർകക്ഷികൾക്കും അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 134(1) പ്രകാരം

"If the licensee establishes either by review or otherwise, that it has undercharged the consumer, the licensee may recover the amount so undercharged from the consumer by issuing a bill and in such cases at least thirty days shall be given to the consumer for making payment of the bill."

മേൽ റഗുലേഷൻ അനുസരിച്ച്, കുറവായി നൽകിയ ബിൽ തിരുത്തി, ശരിയായി തുക കണക്കാക്കി നൽകിയതിലെ, അധികമായി അടയ്ക്കാനുള്ള തുകയാണ്, ഉപഭോക്താവിൽനിന്നും ഈടാക്കാൻ CGRF അനുവാദം നൽകിയിരിക്കുന്നത്.

പരാതിക്കാരൻ പ്രതിപാദിച്ചിട്ടുള്ളത് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 152(3) പ്രകാരം പറയുന്ന ലിമിറ്റേഷൻ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 7235 of 2009 M/s. Prem Cotton Vs Uttar Haryana Bijili Vitran Nigam Ltd. & others എന്ന കേസിലെ വിധിയെത്തുടർന്ന് (ഇലക്ട്രസിറ്റി ആക്ട് 2003 സെക്ഷൻ 56 സംബന്ധിച്ച്) അംഗീകരിക്കപ്പെടാത്തതും ഇതു സംബന്ധിച്ച വിഷയത്തിൽ സപ്ലൈ കോഡിലെ ഈ വ്യവസ്ഥ പുന:പരിശോധിക്കനാവശ്യപ്പെട്ട് ലൈസൻസി ബഹു. കേരള ഹൈക്കോടതിയുടെ WP(c) No. 90/2009 (P.Sundar Das Vs KSEBL), ബഹു. ഝാർഖണ്ഡ് ഹൈക്കോടതി വിധി LPA No.665/2015 (M/s. Shoe Dhkti Cement Indeustries Vs Jharkhand Urja Vikas Nigam Ltd., ബോംബെ ഹൈക്കോടതിയുടെ WP(c) No. 7015/2008 (M/s. Rototex Polyster and Another Vs. Department) P.Sundar Das Vs KSEBL) മുതലായ വിധികളിൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 56(2) അനുസരിച്ച് പിന്നീടുള്ള അവസരത്തിൽ ഷോർട് അസസ്മെൻറ് ബിൽ നൽകുന്നതിൽനിന്നും ലൈസൻസികളെ തടയുന്നില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പ്രസ്തുത വിധിയിലെ പ്രസക്ത ഭാഗങ്ങൾ:-

Para 11 & 12 of the said order clearly spelt that electricity charges would become first due only after the bill is issued, even though the liability would have arisen on

consumption. The period of limitation of two years would commence from the date on which the electricity charges became first due under Section 56 (2).

This Hon'ble Supreme Court also held that Section 56 (2) does not preclude the Licensee from raising an additional or supplementary demand after the expiry of the period of limitation in case of a mistake or a bona fide error."

ബഹുമാനപ്പെട്ട സുപ്രീം കോടതി ഇക്കാര്യത്തിലെ വിശദീകരണത്തിൽ, വൈദ്യുതി നിയമം 2003 സെക്ഷൻ 56(1) പ്രധാനമായും വൈദ്യുതി വിതരണ ലൈസൻസിയുടെ ഭാഗത്തുനിന്നും വരുന്ന അപാകതകൾ സൂചിപ്പിക്കുന്നതിലുപരി ഉപഭോക്താവ് വൈദ്യതി ചാർജ് അടയ്ക്കുന്നതിൽ വരുത്തുന്ന കുടിശ്ശിക, തുടർ നടപടികൾ എന്നിവ ചൂണ്ടിക്കാണിക്കുന്നു.

ഇലക്ട്രിസിറ്റി ചാർജ് കുടിശ്ശിക ആകുന്നത് (first time) ബിൽ അടയ്ക്കാൻ അനുവദിച്ച പരിധിക്ക് ശേഷം ആണ്. മാത്രവുമല്ല സെക്ഷൻ 56(2) സംബന്ധിച്ച് വിശദീകരണത്തിൽ ബഹു. സുപ്രീം കോടതി ഇങ്ങനെ പറയുന്നു: തെറ്റായി നൽകിയ അല്ലെങ്കിൽ ബോധപൂർവ്വം സംഭവിച്ചതല്ലാത്ത തെറ്റുകൊണ്ട് ഉണ്ടായ വിഷയത്തിൽ ലിമിറ്റേഷൻ കാലാവധിക്കുശേഷം അധിക ബിൽ അല്ലെങ്കിൽ അനുബന്ധ ബില്ലായി ഉപഭോക്താവിൽനിന്നും ആവശ്യപ്പെടുന്നതിൽനിന്നും സെക്ഷൻ 56(2) ലൈസൻസിയെ യാതൊരു തരത്തിലും തടയുന്നില്ല.

പ്രസ്തുത ഷോർട് അസസ്മെൻറ് ബിൽ പിരീഡ് 02/2016 മുതൽ 01/2022 വരെ കണക്കാക്കിയിട്ടുള്ളതും, ഇക്കാര്യത്തിൽ ഈ കാലയളവിൽ ഉപഭോക്താവിന് തെറ്റായ കണക്കു പ്രകാരം നൽകിയ ബിൽ അടച്ച തുക വകയിരുത്തി ബാക്കി അടയ്ക്കാൻ 08-03-2022 വരെ സമയം നൽകിയതുമാണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 134(1) പ്രകാരം ബിൽ അടയ്ക്കുന്നതിന് 30 ദിവസം സാവകാശം നൽകിയിരുന്നു. ബിൽ അടയ്ക്കാതിരുന്നാൽ അനുവദിച്ച 30 ദിവസത്തിനുശേഷം 08-03-2022 മുതൽ കുടിശ്ശിക ആയതുമാണ്. തുടർന്നുവരുന്ന പ്രതിമാസ ബില്ലുകളിൽ പ്രസ്തുത കുടിശ്ശിക കൃത്യമായി കാണിച്ചു വരുന്നുണ്ട്.

പരിശോധന തീയ്യതിക്കുശേഷം ശരിയായ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ ഉൾപ്പെടുത്തി നൽകി വരുന്ന ബില്ലുകൾ ഉപഭോക്താവ് കൃത്യമായി അടയ്ക്കുന്നുണ്ട്. ഷോർട് അസസ്മെൻറ് ബിൽ കുടിശ്ശിക ആകുന്നതിനു മുൻപ് അസിസ്റ്റൻറ് എഞ്ചിനീയർ മുൻപാകെ ഉപഭോക്താവ് പരാതി നൽകിയതിനാൽ ഇത് സംബന്ധിച്ച വിശദ വാദം കേട്ട് കൃത്യമായ മറുപടി നൽകുകയും അതുവരെ കുടിശ്ശികയിൽ ഡിസ്കണക്ഷൻ ഒഴിവാക്കിയതുമാണ്. പരാതിയിൽ തീർപ്പു കൽപിച്ചശേഷം കുടിശ്ശിക അടയ്ക്കുന്നതിന് 15 ദിവസ നോട്ടീസ് നൽകിയിരുന്നതുമാണ്. തുടർന്ന് CGRF മുൻപാകെ വന്ന പരാതിയെ തുടർന്ന് തുടർനടപടികൾ നിർത്തി വയ്ക്കപ്പെടുകയും ഇപ്പോഴത്തെ ഫോറത്തിൻെറ ഉത്തരവനുസരിച്ച് പിഴ ഒഴിവാക്കിയ ബില്ല് 17-11-2022ൽ നൽകിയതുമാണ്.

ബോധപൂർവ്വമല്ലാത്ത പിഴവ് മൂലം ഉപഭോക്താവിൽ നിന്നും ശരിയായി ഈടാക്കേണ്ടിയിരുന്ന ഉപയോഗിച്ച വൈദ്യുതിയുടെ ചാർജ് ഈടാക്കാൻ കഴിയാതെ വന്നത്, തെറ്റ് കണ്ടെത്തിയശേഷം ഉപഭോക്താവ് അടവാക്കിയ തുക വകയിരുത്തിയ ശേഷം, അധികമായി അടയ്ക്കേണ്ടിയിരുന്ന തുകയ്ക്കുള്ള ഷോർട്ട് അസസ്മെൻറ് ബിൽ ആണ് നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് ഉപഭോക്താവ് അസിസ്റ്റൻറ് എഞ്ചിനീയർ മുൻപാകെ ആദ്യം പരാതി സമർപ്പിച്ചിരുന്നത് വിശദമായി കേട്ട ശേഷം തീർപ്പ് അറിയിച്ചതും, തുടർന്ന് CGRF മുൻപാകെ ഉപഭോക്താവ് നൽകിയ പരാതിയിൽ പലിശ ഒഴിവാക്കി, ഗഡുക്കൾ അനുവദിച്ച് ഈടാക്കാൻ

എതിർകക്ഷിക്ക് അനുവാദം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഷോർട്ട് അസസ്മെൻറ് ഡിമാൻറ് നൽകിയിട്ടുള്ളതുമാണ്. ഉപഭോക്താവ് ആവശ്യപ്പെടുന്നപക്ഷം ഗഡുക്കൾ അനുവദിച്ച് നൽകുന്നതിന് എതിർകക്ഷികൾ തയ്യാറായിട്ടുള്ളതും, ഫോറത്തിൻെറ ഉത്തരവനുസരിച്ചുതന്നെ പലിശ ഒഴിവാക്കിയിട്ടുള്ളതുമാണ്.

മേൽ കാര്യങ്ങൾ പരിഗണിച്ചും ഉപഭോക്താവ് യഥാർഥത്തിൽ അടവാക്കേണ്ടിയിരുന്ന പ്രസ്തുത തുക ഈടാക്കാൻ എതിർകക്ഷികൾക്ക് അനുവാദം നൽകി ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

**<u>എതൃകക്ഷിയുടെ വിശദീകരണത്തിന് പരാതിക്കാരൻെറ മറുപടി</u>:**

എതൃകക്ഷിയുടെ പ്രസ്താവനയിൽ 28-01-2016ന് 7A താരിഫിൽ സ്ഥാപനത്തിൽ ഉയർന്ന 87kW കണക്ടഡ് ലോഡോഡുകൂടി താരിഫ് മാറ്റിയപ്പോൾ മീറ്ററും CTയും മാറ്റിയിട്ടുള്ളതായി രേഖകളിൽനിന്നും വ്യക്തമാകുന്നു. എന്നാൽ ഹിയറിംഗ് സമയത്ത് എതിർകക്ഷി ബോധിപ്പിച്ചത് 4-2-16ന് CT ടെസ്റ്റ് ചെയ്ത ശേഷമാണ് CT സ്ഥാപിച്ചത് എന്നാണ്. ഇതു തീർത്തും അസത്യമായ പ്രസ്താവനയാണ്.

സ്ഥാപനത്തിലെ ജീവനക്കാർ 29-1-2022ന് സൈറ്റ് മഹസറിൽ ഒപ്പുവച്ചു, എന്നാൽ അവർ സാങ്കേതികമായ വിദ്യാഭ്യസമോ അറിവോ ഇല്ലാത്തവരാണ്. അവർ മീറ്ററും CTയും കാണുമ്പോൾ ബോക്സ് തുറന്ന അവസ്ഥയിലായിരുന്നു. സീൽ പൊട്ടിക്കുന്ന സമയത്തോ CT ഉള്ളടക്കം ചെയ്തിരുന്ന ബോക്സ് തുറക്കുന്ന സമയത്തോ അവർ അവിടെ ഇല്ലായിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പരാതിക്കാരൻെറ പ്രിമിസസിൽ 28-01-2016ന് ശേഷം നാളിതുവരെ CT മാറ്റിയിട്ടില്ല എന്നത് ഭാഗികമായി ശരിയാണ്. 29-01-2022 വരെ CT മാറ്റിയിട്ടില്ല എന്നതാണ് പൂർണ്ണമായും ശരിയാണ്. കാരണം 28-01-2016ന് സ്ഥാപിച്ച CT അല്ല ഇപ്പോൾ പരാതിക്കാരൻെറ പ്രിമിസസിൽ ഉള്ളത്. 4-2-2016ന് ടെസ്റ്റ് ചെയ്ത CT ആണ് ഇപ്പോൾ പ്രിമസസ്സിലുള്ളത്. അത് ഒരു കാരണവശാലും 28-01-2016ന് സ്ഥാപിക്കാൻ സാദ്ധ്യമല്ല.

അതിനാൽ തെറ്റായ രീതിയിൽ 29-01-2022 ന് തയ്യാറാക്കിയ സൈറ്റ് മഹസ്സർ അനുസരിച്ച് നൽകിയ Rs.40,19,051/- ഷോർട്ട് അസസ്മെൻറ് ഡിമാൻറ് പൂർണ്ണമായും റദ്ദ് ചെയ്യേണ്ടതാണ്.

കൺസ്യൂമറുടെ മീറ്ററും CTയും ആണ് പരാതിക്കാരൻെറ പ്രിമസസിൽ സ്ഥാപിച്ചിട്ടുള്ളത്. അതിനാൽ നാളിതുവരെ പരാതിക്കാരനിൽ നിന്നും ഈടാക്കിയ മീറ്റർ വാടക ജി.എസ്.ടി ഉൾപ്പടെ Rs.6855.80 അനുവദനീയമായ പലിശ സഹിതം തിരികെ തരാൻ ഉത്തരവുണ്ടാകണം.

**<u>അവലോകനം</u>**

ഈ കേസിൻെറ വാദം 06-12-2022-ൽ കോഴിക്കോട് PWD റെസ്റ്റ് ഹൗസിൽ വച്ച് കേൾക്കുകയുണ്ടായി. പരാതിക്കാരനുവേണ്ടി ശ്രീ. ജയകുമാർ. സി.കെ.യും എതിർകക്ഷികൾക്കുവേണ്ടി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ശ്രീ. അനിൽകുമാർ. കെ.എ.യും, നോഡൽ ഓഫീസർ ശ്രീ. പി.കെ. അനിൽകുമാറും പങ്കെടുത്തു.

പരാതിക്കാരന് 30-10-2013ൽ നിർമ്മാണാവശ്യത്തിനായി 6F താരിഫിൽ 9.476 kW കണക്ടഡ് ലോഡിൽ ഒരു കണക്ഷൻ എടുത്തിരുന്നു. നിർമ്മാണം പൂർത്തിയാക്കിയ ശേഷം സൂപ്പർമാർക്കറ്റ് പ്രവർത്തനക്ഷമമായപ്പോൾ താരിഫ് 7A പ്രകാരം 87kW കണക്ടഡ് ലോഡോടുകൂടി മാറ്റപ്പെട്ടിട്ടുള്ള താകുന്നു. ആ സമയത്ത് നിലവിലെ മീറ്ററും CTയും മാറ്റപ്പെട്ടിട്ടുള്ളതാണ്. ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം ഈ CTകൾ KSEBLൻെറ ഷൊർണ്ണൂരിലുള്ള TMR ഡിവിഷൻ പരിശോധിച്ചിരിക്കുന്നത് 04-02-2016ൽ ആണ്. ആ ടെസ്റ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ പ്രകാരം CT യുടെ റേഷ്യോ 150/5, കൂടാതെ അതിൻെറ ക്രമനമ്പരും 15/281, 15/282, 15/283, 15/287, എന്നിവയാണ്. ഇതിൽനിന്നും CT റേഷ്യോ 150/5 ആണെന്നും അങ്ങനെയെങ്കിൽ MF 30 ആണെന്നും ഉറപ്പിയ്ക്കാം. പ്രധാന പ്രശ്നം ഈ മീറ്ററും CTയും ഘടിപ്പിച്ച തീയതിയെക്കുറിച്ചാണ്. 28-01-2016ൽ ഇതു ഘടിപ്പിച്ചു എന്നത് ശരിയാകാൻ സാദ്ധ്യതയില്ല. 4-2-2016ൽ ടെസ്റ്റ് ചെയ്ത ഉപകരണം സ്ഥാപിച്ചത് അതിനു ശേഷമുള്ള തീയതിയിലായിരിക്കും. CT ടെസ്റ്റിനയച്ചത് സൂചിപ്പിച്ചിരിക്കുന്ന രജിസ്റ്ററിലെ തീയതി കാണിച്ചിരിക്കുന്നത് 3-1-2016 എന്നത് വളരെ ഗുരുതരമായ ഒരു തെറ്റാണ്. 3-2-2016ൽ തയ്യാറാക്കിയ കത്തിൽ ഒപ്പിട്ടിരിക്കുന്ന അസിസ്റ്റൻറ് എൻജിനീയർ തെറ്റായി 03-01-2016 എന്ന് രേഖപ്പെടുത്തുകയും അത് രജിസ്റ്ററിലുൾപ്പടെ തെറ്റായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. രജിസ്റ്ററിലെ മറ്റു രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽനിന്നും ഇത് ഒരു കൈപ്പിഴ പറ്റിയതായി അനുമാനിക്കാം. ഇത്തരം രേഖകൾ കൈകാര്യം ചെയ്യുന്നവർ വളടെ ശ്രദ്ധിക്കേണ്ടതാണ്. 14-02-2022–ൽ, എതിർകക്ഷികൾ സമർപ്പിച്ച കത്തും രേഖകളും പരിശോധിച്ചതിൽനിന്നും CT സ്ഥാപിച്ചിരിക്കുന്നത് 06-02-2016–ൽ ആണ് എന്നു കരുതാം. അന്നത്തെ Assistant Engineer ആയിരുന്ന ശ്രീ.ശിവാനന്ദൻ നൽകിയിട്ടുള്ള വിശദീകരണത്തിൽ നിന്നും ഇത് ശരിയാണെന്ന് മനസ്സിലാക്കാം. കൂടാതെ, CT മീറ്റർ മാറ്റിയശേഷം ആദ്യ റീഡിംഗ് തീയതി 09-02-2016–ൽ ഉപഭോഗം രേഖപ്പെടുത്തിയിട്ടുള്ളത് 122 യൂണിറ്റാണ്. അതിനുശേഷം രണ്ടാമത്തെ റീഡിംഗ് തീയതിയായ 01-03-2016 വരെയുള്ള പ്രതിദിന ശരാശരി ഉപഭോഗം 1113/21 = 53 യൂണിറ്റായി കാണുന്നു. അതിനാൽ 122/53 = 2.30. അതായത് 9-)ം തീയതിക്ക് 2/3 ദിവസത്തിനു മുൻപായിരിക്കും മീറ്റർ സ്ഥാപിച്ചിട്ടുള്ളത്. അങ്ങനെവരുമ്പോൾ 06-02-2016 എന്ന തീയതിയിലാണ് ഇത് സ്ഥാപിച്ചിട്ടുള്ള ത് എന്ന വസ്തുത സ്ഥിരികരിക്കപ്പെടുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ റഗുലേഷൻ 109(10) പ്രകാരം "മീറ്ററും അനുബന്ധ ഉപകരണങ്ങളും ആദ്യം സ്ഥാപിക്കുന്നതും പിന്നീട് മാറ്റി സ്ഥാപിക്കുന്നതും ലൈസൻസിയുടെ വൈദഗ്ദ്ധ്യം ലഭിച്ചവരും അധികാരപ്പെടുത്തിയവരുമായ ജീവനക്കാരാണ് നിർവ്വഹിക്കേണ്ടത്. അതുപോലെ റഗുലേഷൻ 109(12) പ്രകാരം "മീറ്ററിൻെറ അനുബന്ധ ഉപകരണങ്ങളുടെ വിശദ വിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതും അതിൽ ലൈസൻസിയുടെ ഉദ്യോഗസ്ഥൻ ഒപ്പിടേണ്ടതുമാണ്. അതിൻെറ ഒരു പകർപ്പ് ഉപഭോക്താവിന് നൽകേണ്ടതുമാണ്". ഇവിടെ ഈ റഗുലേഷനുകളൊന്നും പാലിക്കപ്പെട്ടിട്ടില്ല എന്നു കാണാം. ഇത്തരം വിശദവിവരം അടങ്ങിയ രേഖ ഉണ്ടാക്കിയിരുന്നുവെങ്കിൽ MF തെറ്റായി രേഖപ്പെടുത്തുന്ന സ്ഥിതി ഉണ്ടാകുമായിരുന്നില്ല. ലൈസൻസിയുടെ ഉദ്യോഗസ്ഥൻെറ കൃത്യനിർവ്വഹണത്തിലുണ്ടായ അലംഭാവം കാരണം ലൈസൻസിക്ക് വൻ സാമ്പത്തിക നഷ്ടത്തിന് കാരണമായിരിക്കുന്നു.

പരാതിക്കാരൻെറ ഒരു ആക്ഷേപം പ്രസ്തുത CT 2016-ൽ സ്ഥാപിച്ചിട്ടില്ല എന്നും അന്നു സ്ഥാപിച്ചിരുന്ന CT, 100/5 റേഷ്യോയിൽ ഉള്ളതാണെന്നുമാണ്. അതിനാൽ MF 20 എന്നത് ശരിയായിരുന്നു എന്നും, 150/5 റേഷ്യോയുള്ള CT പിന്നീട് എപ്പോഴോ സ്ഥാപിച്ചു എന്നുമുള്ള വാദം നിലനിൽക്കുന്നതല്ല. അതിനുപോദ്ബലകമായ ഒരു തെളിവുകളും ഹാജരാക്കിയിട്ടില്ല. കൂടാതെ, ഉപഭോക്താവിൻെറ പവർ ദീർഘനേരം തടസ്സപ്പെടുത്തി മാത്രമേ ഇതു മാറ്റി സ്ഥാപിക്കുവാൻ പറ്റുകയുള്ളൂ. പരിശോധന ദിവസമായ 29-01-2022-ലാണ് CT മാറ്റി സ്ഥാപിച്ചത് എന്ന രീതിയിലുള്ള വാദവും മതിയായ തെളിവുകളുടെ അഭാവത്താൽ വിശ്വാസയോഗ്യമല്ല. കൂടാതെ 2016ൽ ടെസ്റ്റ് ചെയ്ത CT 2022 വരെ ലൈസൻസിയുടെ പക്കൽ ആയിരുന്നു എന്നതിനു തെളിവില്ല. അതിനാൽ 150/5 CT യും മീറ്ററും സ്ഥാപിച്ചത് 6-2-2016ൽ തന്നെയാണെന്ന് സ്ഥാപിക്കപ്പെടുന്നു.

പരാതിക്കാരൻെറ മറ്റൊരാക്ഷേപം 6 വർഷത്തോളമുള്ള കുടിശ്ശിക പിരിക്കാൻ കഴിയില്ല എന്നതാണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 152 ആണ് ഇവിടെ പ്രസക്തമായിട്ടുള്ളത്:-

152 (1) Anomalies attributable to the licensee which are detected on inspection at the premises of the consumer, such as wrong application of multiplication factor, incorrect application of tariff by the licensee even while there is no change in the purpose of use of electricity by the consumer and inaccuracies in metering shall not attract provisions of Section 126 of the Act or of Section 135 of the Act.

152 (3) The amount of electricity charges short collected for the entire period during which such anomalies persisted, may be realized by the licensee without any interest:
Provided also that realization of electricity charges short collected shall be limited for a maximum period of twenty-four months, even if the period during which such anomaly persisted is found to be more than twenty-four months.

ഇതോടൊപ്പംതന്നെ സെക്ഷൻ 136-ഉം ഇവിടെ പ്രസക്തമാണ്: -

136 (1) The licensee shall be entitled to recover arrears of charges or any other amount due from the consumer along with interest at the rates applicable for belated payments from the date on which such payments became due.

136 (3) No such sum due from any consumer, on account of default in payment shall be recoverable after a period of two years from the date when such sum became first due unless such sum has been shown continuously as recoverable arrear of charges for electricity supplied.

ഇതു പ്രകാരം എപ്പോഴാണോ ഈ തുക ലൈസൻസിയ്ക്ക് കിട്ടാൻ അർഹതപ്പെടുന്നത് അതു മുതൽ രണ്ടു വർഷത്തിനുശേഷം പിരിച്ചെടുക്കാൻ പാടുള്ളതല്ല. എപ്പോഴാണോ ഇതു ലൈസൻസിയ്ക്ക് കിട്ടാൻ അർഹതപ്പെടുന്നത് എന്ന് ബഹു. സുപ്രീം കോടതി 05-10-2021-ൽ

പുറപ്പെടുവിച്ച (സിവിൽ അപ്പീൽ നമ്പർ 7235 of 2009) വിധിന്യായത്തിൽ പരാമർശിച്ചിട്ടുണ്ട്. എപ്പോഴാണോ സംഭവിച്ചിട്ടുള്ള തെറ്റ് മനസ്സിലാക്കി ബിൽ നൽകുന്നത് അതുമുതലാണ് ആ തുക “first due” ആകുന്നത്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പ്രസ്തുത വിധിയിലെ പ്രസക്ത ഭാഗങ്ങൾ :-

“Para 11. In Rahamatullah Khan (supra), three issues arose for the consideration of this Court. They were (i) what is the meaning to be ascribed to the term “first due” in Section 56(2) of the Act; (ii) in the case of a wrong billing tariff having been applied on account of a mistake, when would the amount become first due; and (iii) whether recourse to disconnection may be taken by the licensee after the lapse of two years in the case of a mistake.”

“Para 12. On the first two issues, this Court held that though the liability to pay arises on the consumption of electricity, the obligation to pay would arise only when the bill is raised by the licensee and that, therefore, electricity charges would become “first due” only after the bill is issued, even though the liability would have arisen on consumption. On the third issue, this Court held in Rahamatullah Khan (supra), that “the period of limitation of two years would commence from the date on which the electricity charges became first due under Section 56(2)”. This Court also held that Section 56(2) does not preclude the licensee from raising an additional or supplementary demand after the expiry of the period of limitation in the case of a mistake or bonafide error. To come to such a conclusion, this Court also referred to Section 17(1)(c) of the Limitation Act, 1963 and the decision of this Court in Mahabir Kishore & Ors. vs. State of Madhya Pradesh 2.”

“Para 16. Be that as it may, once it is held that the term “first due” would mean the date on which a bill is issued, (as held in para 6.9 of Rahamatullah Khan) and once it is held that the period of limitation would commence from the date of discovery of the mistake (as held in paragraphs 9.1 to 9.3 of Rahamatullah Khan), then the question of allowing licensee to recover the amount by any other mode but not take recourse to disconnection of supply would not arise. But Rahamatullah Khan says in the penultimate paragraph that “the licensee may take recourse to any remedy available in law for recovery of the additional demand, but barred from taking recourse to disconnection of supply under sub-section (2) of section 56 of the Act”.

ഈ വിധിന്യായത്തിൽനിന്നും വളരെ വ്യക്തമാണ് ഈ തുക ലൈസൻസിക്ക് കിട്ടാൻ അർഹമായിരിക്കുന്നത് തെറ്റുകണ്ടുപിടിച്ച 29-01-2022 മുതലാണ്. അതിനാൽ രണ്ടു വർഷം കഴിഞ്ഞാൽ കാലഹരണപ്പെടുന്നു എന്ന വാദം നിലനിൽക്കുന്നതല്ല. അതായത്, ഉപയോഗിച്ച വൈദ്യുതിയുടെ വില നൽകാൻ പരാതിക്കാരൻ ബാദ്ധ്യസ്ഥനാണ്. ലൈസൻസിക്കു സംഭവിച്ചിരിക്കുന്ന തെറ്റുമൂലം കുറഞ്ഞ അളവാണ് രേഖപ്പെടുത്തിയതും, അതിനുള്ള തുകയായിരുന്നു ഈടാക്കിയിരുന്നതും. CT മീറ്റർ സ്ഥാപിച്ചതു മുതൽ CT റേഷ്യോ 30 ഉപയോഗിച്ച് ഉപഭോഗം കണക്കാക്കേണ്ടതും അതുപ്രകാരം ബാക്കി വരുന്ന തുക നൽകേണ്ടതുമാണ്. എന്നാൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല.

പരാതിക്കാരൻ Consumer Grievance Redressal Forum-നെ കുറിച്ച് ഉന്നയിച്ച ആക്ഷേപം, ഉത്തരവിൽ ഒപ്പുവച്ചിരുന്നത് ഹിയറിംഗിൽ പങ്കെടുത്ത അംഗം അല്ല എന്നുള്ളത് CGRF പുതുക്കി ഇറക്കിയ ഉത്തരവ് പ്രകാരം പരിഹരിച്ചിരിക്കുന്നു.

**<u>തീരുമാനം</u>**

1) Consumer Grievance Redressal Forum (CGRF)ൻെറ ഉത്തരവിനെ ശരിവയ്ക്കുന്നു.
2) ലൈസൻസിയുടെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ തെറ്റ് സംഭവിച്ചിരിക്കുന്നു. അതിനു കാരണക്കാരായവരെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

പരാതി മേൽപ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/084/2022/ തീയതി .

അയക്കുന്നത്:

1) ശ്രീ. ഷംസുദീൻ. കെ., കൂലാത്ത് വീട്. തിരൂരങ്ങാടി പി.ഒ., മലപ്പുറം ജില്ല. 676306
2) അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ.ഇ.ബി. ലിമിറ്റഡ്, തിരൂരങ്ങാടി, മലപ്പുറം ജില്ല.

പകർപ്പ് സമാർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം – 10.
2. സെക്രട്ടറി, കെ.എസ.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 4.
3. ചെയർ-പേർസൺ, CGRF-NR, വൈദ്യുതി ഭവനം, കെ.എസ.ഇ.ബി. ലിമിറ്റഡ്, ഗാന്ധി റോഡ്, കോഴിക്കോട്.